**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 18** **01-02-2023 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർവീസിലിരിക്കേ മരണപ്പെട്ട സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിലെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ; | (എ) | സർക്കാർ സർവ്വീസിൽ ജോലി ചെയ്യവരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് 24.05.1999 ലെ G.O.(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും, തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്.<br><br>മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ (മാതൃ വകുപ്പിൽ) നിലവിലുള്ളതോ/ തൊട്ടടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ നിർദ്ദിഷ്ട തസ്തികകളിലെ ഒഴിവിലേക്ക് നിയമനം നൽകുവാനും വ്യവസ്ഥയുള്ളത്. ഇപ്രകാരം നിയമനം നൽകാൻ കഴിയാത്തപക്ഷം പൊതുഭരണ(CE സെൽ) വകുപ്പിൽ എല്ലാ വകുപ്പ് മേധാവികളും ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന 5% ഒഴിവുകളിൽ നിയമനം നൽകുവാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ OA (Ekm) 2106/17, OA (Ekm) 800/18, OA (Ekm) 1133/18, OA (Ekm) 1272/18 എന്നീ കേസുകളിന്മേൽ 29.06.2018 തീയതിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ ജില്ലയിലും ഓരോ വകുപ്പിലും, ഓരോ തസ്തികയിലും പ്രതിവർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവെക്കാവൂ എന്ന് ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും ചെയ്തിരുന്നു. അതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5% ഒഴിവുകൾ മാത്രമേ ആശ്രിത നിയമനത്തിന് നീക്കിവെക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം | (ബി) | ജീവനക്കാരൻ ജോലി ചെയ്ത വകുപ്പിലാണ് ആശ്രിത |

| | | | |
|---|---|---|---|
| | എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും ഇനി എത്ര അപേക്ഷകർക്ക് നിയമനം നല്കാനുണ്ടെന്നും വകുപ്പ് തിരിച്ച് അറിയിക്കാമോ? | | നിയമനത്തിനുള്ള അപേക്ഷ സ്വീകരിച്ച് നിയമനത്തിനുള്ള തുടർനടപടി സ്വീകരിക്കുന്നത്. ഇപ്രകാരം ഓരോ വകുപ്പിലും ലഭിച്ച അപേക്ഷകളും നിയമനം നൽകിയവരുടെ എണ്ണവും ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ